

റഫീഖ്.എസ്,
തടിക്കാട്

# ഇഴയും പിരിയും

കൂട്ടുന്തോറും പിഴയ്ക്കുന്ന
ഗണിതജീവിതം
ചേർത്തുവെയ്ക്കുന്തോറും
ഇടിഞ്ഞുവീഴുന്നു
ആകെയൊരാശ്വാസം
കണക്കുകൂട്ടലുകൾമാത്രം.

തസ്‌ലീമ അഷ്റഫ്,
ജിദ്ദ

# തിരിച്ചറിവ്

വിശാലമായൊന്നു നടക്കാൻ-
ഭൂമി മുഴുവൻ ഞാൻ വിലക്ക് വാങ്ങി.
ചിറകില്ലാതെ പറക്കാൻ ആകാശവും.
ആസ്വദിക്കാനുള്ള ഹൃദയവും,
കാണാനുള്ള കണ്ണുകളും
സ്വയം ചൂഴ്ന്നെടുത്ത കാര്യം
അപ്പോഴാണെനിക്കോർമ വന്നത്...

# ഭക്ഷണ തളിക

സബീത്ത് അലി,
അത്താണി

ആ കൈകളെന്റെ മക്കളെ കൊന്നൊടുക്കി,
ന്റെ പെണ്ണുങ്ങടെ, പെമ്മക്കടെ മാനമെടുത്തു,

ന്റെ വീടകം ചോര നിറം പൂശി, പോരാഞ്ഞ്
വെടിയുണ്ട ദ്വാരങ്ങളാലങ്കരിച്ചു...!

ന്റെ കൃഷിയിടം ശവപ്പറമ്പു പോലെയാക്കി,
ന്റെ മരങ്ങൾ വെട്ടിനിരത്തി തീയിട്ടു.

ശേഷം ന്റെ മാതാവിനെ, ഭാര്യയെ വിധവയാക്കി,
ശേഷിക്കുന്നവരുടെ കഞ്ഞിയിൽ മണ്ണ് നിറച്ചു.
ഞാൻ സിറിയ, ഇവരുടെ ഭക്ഷണ തളിക.

# കൂടപ്പിറപ്പ്

സൂരജ് സി.കെ,
കുറ്റ്യാടി

മറവി ഒരനുഗ്രഹമാണെന്ന്
പറയാറുണ്ട്
ഓർക്കാനിഷ്ടപ്പെടാത്ത കാര്യങ്ങൾ
മറക്കാൻ കഴിയാത്തത്
ആരുടെ ശാപമായിരിക്കും
എന്തോ ഓർത്തിരിക്കേണ്ടത്
മറക്കുന്നു.
മറക്കേണ്ടത് ഓർത്തുകൊണ്ടേയിരിക്കുന്നു.

# അദ്ദാണ് ജനാധിപത്യം

നിയാസ് വല്ലാഞ്ചിറ

ബാരിക്കേഡുകൾക്ക് പിന്നിലെ ദൈന്യതയും
പകുതിപൊട്ടിയ വഴിവിളക്കുകളും
തകർന്ന കെ.എസ്.ആർ.ടി.സി ചില്ലുകളും
അങ്ങിങ്ങ് ചിതറിക്കിടക്കുന്ന
വാറില്ലാത്ത ചെരുപ്പുകളും
ഒരോർമപ്പെടുത്തലാണ്....

പ്രതികരണ ശേഷിയില്ലാത്ത യുവത്വം
കാലഘട്ടത്തിന്റെ ശാപമാണെന്ന
നേതാവിന്റെ ഘോരഘോര പ്രസംഗത്തിന്റെ
മാറ്റൊലിയാണ്....
ജനാധിപത്യം ചില്ലകൾ വിരിച്ച്
ഗർവിലിരിക്കുമ്പോൾ
വീശുന്ന പാർശ്വവൽക്കരിക്കപ്പെട്ട കാറ്റിന്റെ-
മർമ്മരമാണ് സമരാഹ്വാനം...
സ്വാഗത പ്രസംഗത്തിന്റെ
വാക്ധോരണിയുടെ പ്രതിഫലനമാണ്
ബാരിക്കേഡുകൾക്ക് നേരെയുള്ള പീഡനം.
റിസർവ് പോലീസുകാരന്റെ
ചോര നുണയാനെത്തുന്ന
ചിറകുള്ള കല്ലിന്റെ ഭ്രമരമാണ്
സമരത്തിന്റെ മുദ്രാവാക്യം.
നേതാവിന്റെ കൈയിലെ
സമരച്ചരടിന്റെ രാഷ്ട്രീയം
ഗതിമാറിയൊഴുകുന്ന നദിയുടെ
ഗതിപോലെയാകുമ്പോൾ
കഥാവശേഷരായ പല സമരഭൂതങ്ങളും
തുരുമ്പിച്ച കുപ്പിയുപേക്ഷിച്ച് രക്തസാക്ഷികളുടെ-
ആത്മാവിന് ബലിയിടാൻ കാത്തിരിക്കും...
ഒരു സമരവും രക്തസാക്ഷികൾക്ക് വേണ്ടിയല്ല
സമരങ്ങളുടെ പാചകപ്പുരകളിൽ
കത്തുന്ന നല്ലവിറകാണ്
കാലഘട്ടത്തിന്റെ രക്തസാക്ഷി...
സമരം ഇറുകെ പുണരവെ
അരുതെന്ന് വിലപിക്കുന്ന
ജനമെന്ന മുഴുത്ത ആടിനെ പട്ടിയാക്കാം
പിന്നെ സൗകര്യംപോലെ തല്ലിക്കൊല്ലാം
അദ്ദാണ് ജനാധിപത്യം. ■



Vol. No: 70 Issue No. 46 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla